**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 766** **28-01-2026 - ൽ മറുപടിയ്ക്ക്**

**സഹകരണ പരിശീലന സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ എത്ര സഹകരണ പരിശീലന സ്ഥാപനങ്ങൾ ഉണ്ടെന്നും അതിൽ എത്ര സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടെന്നും അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ മൂന്ന് സഹകരണ പരിശീലന സ്ഥാപനങ്ങൾ ഉണ്ട്.<br><br>**(1) <u>അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മൺവിള, തിരുവനന്തപുരം.</u>**<br>കേരളത്തിലെ സഹകരണ ബാങ്കുകളിലേയും/ സംഘങ്ങളിലേയും ജീവനക്കാർക്കും, സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുന്നതിന് 1992-ൽ ലോക ബാങ്ക് സ്റ്റോറേജ് പ്രൊജക്റ്റിൽ ഉൾപ്പെടുത്തി നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (NCDC) സഹായത്തോടെയാണ് സംസ്ഥാന സഹകരണ ബാങ്ക് അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് രൂപം നൽകിയത്.<br><br>കേരളാ ബാങ്കിന് രൂപം കൊടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ACSTI -യെ കേരളത്തിലെ സഹകരണ മേഖലയിലെ പരിശീലനം ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും, അന്തർ ദേശീ തലത്തിൽ അറിയപ്പെടുന്ന പഠന, ഗവേഷണ കേന്ദ്രമായി മാറ്റുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 27.08.2018-ന് സ്വയംഭരണ സ്ഥാപനമായി പ്രഖ്യാപിച്ചു. തുടർന്ന് 1955-ലെ ട്രാവൻകൂർ - കൊച്ചിൻ സാഹിത്യ, ശാസ്ത്ര, ധർമ്മ സ്ഥാപന നിയമ പ്രകാരം 24.10.2018-ന് രജിസ്റ്റർ ചെയ്തു.<br><br>ACSTI സ്ഥിതി ചെയ്യുന്ന വസ്തുവകകൾ സംസ്ഥാന സഹകരണ ബാങ്ക് 30 വർഷക്കാലത്തേക്ക് വാർഷിക പാട്ടത്തിന് ACSTI യ്ക്ക് കൈമാറുകയും ചെയ്തു.<br><br>**(2) <u>സംസ്ഥാന സഹകരണ യൂണിയൻ - കേരള, തിരുവനന്തപുരം</u>.** |

| | | | |
|---|---|---|---|
| | | | സംസ്ഥാന സഹകരണ യൂണിയനു കീഴിൽ സംസ്ഥാന സഹകരണ യൂണിയൻ ആസ്ഥാന മന്ദിരവും, 12 സഹകരണ പരിശീലന കോളേജുകളും, 10 സഹകരണ പരിശീലന കേന്ദ്രങ്ങളും, 6 ജെ.ഡി.സി, എക്സ്റ്റൻഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ നെയ്യാർഡാമിൽ കിക്മ എം.ബി.എ ഇൻസ്റ്റിറ്റ്യൂട്ടും, ആർ. പരമേശ്വരൻ പിള്ള മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജും പ്രവർത്തിച്ചു വരുന്നു. താഴെ പറയുന്ന കോളേജ്/ കേന്ദ്രങ്ങൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.<br><br>1. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, തിരുവനന്തപുരം.<br>2. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, കൊട്ടാരക്കര.<br>3. സഹകരണ പരിശീലന കോളേജ്/കേന്ദ്രം ചേർത്തല.<br>4. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, തൃശ്ശൂർ.<br>5. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, പാലക്കാട്.<br>6. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, കോഴിക്കോട്.<br>7. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, വയനാട്.<br>8. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, തലശ്ശേരി.<br>9. സഹകരണ പരിശീലന കേന്ദ്രം, കണ്ണൂർ.<br>10. സഹകരണ പരിശീലന കോളേജ്, കാസർഗോഡ്.<br>11. എം.ബി.എ ഇൻസ്റ്റിറ്റ്യൂട്ട്, ആർ.പി.എം. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കിക്മ, നെയ്യാർഡാം.<br><br>**(3) <u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് – കണ്ണൂർ.</u>**<br><br>ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് –കണ്ണൂരിനു അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനുള്ള ചിലവിന്റെ 50% സഹകരണ വകുപ്പിന്റെ പ്ലാൻ ഫണ്ട് വഴിയാണ് അനുവദിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് – കണ്ണൂർ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ